ജനയുഗം
JANAYUGOM

12 December 2023




സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന ദശദിന രാജ്യാന്തര ശില്പശാല ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസിസ്റ്റന്റ് സെക്രട്ടറി ജനറൽ റാമി മഹ്മൂദ് അബ്ദുൽ ഹലീം ഖ്തൈഷാത്ത് ഉദ്ഘാടനം ചെയ്യുന്നു

# മത്സ്യമേഖലയിലെ അന്താരാഷ്ട്ര സഹകരണം; രാജ്യാന്തര ശില്പശാല തുടങ്ങി

കൊച്ചി: മത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങൾക്കിടയിൽ സഹകരണവും പങ്കാളിത്തവും വേണമെന്ന് ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസിസ്റ്റന്റ് സെക്രട്ടറി ജനറൽ റാമി മഹ്മൂദ് അബ്ദുൽ ഹലീം ഖ്തൈഷാത്ത്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന ദശദിന രാജ്യാന്തര പരിശീലന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദാരിദ്ര്യം, പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ പ്രതിസന്ധികൾക്കിടയിലാണ് പല ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളും ഭക്ഷ്യോല്പാദന മേഖല മെച്ചപ്പെടുത്താൻ ബുദ്ധിമുട്ടുന്ന അവസ്ഥയാണുള്ളതെന്ന് ആർഡോ ഗവേഷണ വിഭാഗം മേധാവിയും പ്രോഗ്രാം കോഓർഡിനേറ്ററുമായ ഡോ. ഖുഷ്നൂദ് അലി പറഞ്ഞു.

സിഎംഎഫ്ആർഐ മാരികൾച്ചർ വിഭാഗം മേധാവി ഡോ. വിവിആർ സുരേഷ്, ഡോ. ടിഎം നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു. ഒമാൻ, ഈജിപ്ത്, ഘാന, നമീബിയ, നൈജീരിയ, സാംബിയ, മലേഷ്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഗവേഷകരുമാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്.